(ബി) രണ്ടായിരാമാണ്ടോടുകൂടി സംസ്ഥാനത്തെ എല്ലാ ജനങ്ങൾക്കും, ഗ്രാമീണ ജനതയ്ക്ക് ആളൊന്നിന് പ്രതിദിനം 40 ലിറ്റർ എന്നതോതിലും, നഗരവാസികൾക്ക് 70 ലിറ്റർ എന്ന തോതിലും കുടിവെള്ളം എത്തിക്കുന്നതിനുള്ള ഒരു ബൃഹത് പദ്ധതി ജല അതോറിറ്റി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ഭൂജലവകുപ്പ് എന്നിവയുടെ സംയുക്ത സംരംഭത്തോടെ നടപ്പിലാക്കിവരുന്നു. പ്രസ്തുത പദ്ധതി പ്രകാരം 1998-99 ൽ 65 പ്രധാന പദ്ധതികൾ പൂർത്തീകരിക്കാൻ ലക്ഷ്യമിട്ടതിൽ 41 പദ്ധതികൾ പൂർത്തീകരിച്ചു. ശേഷിക്കുന്നവ ഉൾപ്പെടെ 1999-2000-ാം മാണ്ടിൽ 48 പദ്ധതികളും, 2000-2001-ാം മാണ്ടിൽ 41 പദ്ധതികളും പൂർത്തീകരിക്കാൻ സാധിക്കും എന്ന് പ്രതീക്ഷിക്കുന്നു. ഈ പദ്ധതികൾ പൂർത്തിയാകുന്നതോടെ മൊത്തം 38 ലക്ഷം ജനങ്ങൾക്ക് അധികമായി പ്രയോജനം ലഭിക്കും. അടുത്ത രണ്ടു വർഷങ്ങളിലായി കമ്മീഷൻ ചെയ്തു ജലവിതരണം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിവരം അനുബന്ധം -1,2 എന്നിവയിൽ ചേർത്തിരിക്കുന്നു.† മേൽപ്പറഞ്ഞ പദ്ധതികൾ കൂടാതെ ഇപ്പോൾ ശുദ്ധജലം തീരെ ലഭ്യമല്ലാത്തതും വളരെ കുറച്ച് ശുദ്ധജലം മാത്രം ലഭ്യമായതുമായ പ്രദേശങ്ങളിൽ ശുദ്ധജലം എത്തിക്കുന്നതിനുള്ള ഒരു കർമ്മപരിപാടിയും ആവിഷ്കരിച്ചിട്ടുണ്ട്. ഇതനുസരിച്ച് ഗ്രാമപ്രദേശങ്ങളിൽ ആളോഹരി നാല്പത് ലിറ്റർ വീതവും നഗരപ്രദേശങ്ങളിൽ 70 ലിറ്റർ വീതവും പ്രതിദിനം വിതരണം ചെയ്യുന്നതിനുള്ള പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. ഗ്രാമങ്ങളിലെ 2144 വാർഡുകളിലും സെൻസസ് ടൗണുകളിൽ 50 വാർഡുകളിലും ശുദ്ധജലവിതരണം കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കേണ്ടതായിട്ടുണ്ട്. ഇതിന്റെ ഭാഗമായി 649 ഹാബിറ്റേഷനുകളിൽ ശുദ്ധജലലഭ്യത വർദ്ധിപ്പിക്കുന്നതിനുള്ള പണികൾക്കുവേണ്ടി 42.23 കോടി രൂപയ്ക്കുള്ള ധനാനുമതി നൽകികഴിഞ്ഞു. ഇതനുസരിച്ചുള്ള പണികൾ നടത്തുന്നതിനുള്ള പ്രാരംഭനടപടികൾ നടന്നുവരുന്നു. ഇതിനു ഭാരിച്ച തുക മൂലധനമായി വേണ്ടിവരുന്നു.

'2000-ാമാണ്ടോടുകൂടി എല്ലാവർക്കും കുടിവെള്ളം' എന്ന ലക്ഷ്യം കൈവരിക്കുന്നതിനുവേണ്ടി ഒട്ടേറെ വിപുലീകരണപ്രവർത്തനങ്ങൾക്കും കേരള വാട്ടർ അതോറിറ്റി ഏറ്റെടുത്ത് നടപ്പിലാക്കേണ്ടതുണ്ട്. ഈ പദ്ധതികൾക്കുപുറമേ ഒട്ടേറെ പുതിയ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിൽ വരുത്തുകയും പുതിയ ധനാഗമമാർഗ്ഗങ്ങൾ കണ്ടെത്തുകയും ആവശ്യമായിവരുന്നു.

ആവശ്യമായ പണവും, സാധനസാമഗ്രികളും സമയബന്ധിതമായി ലഭ്യമാക്കാൻ സാധിച്ചാൽ ഈ പദ്ധതിയുടെ ഉദ്ദേശങ്ങൾ കൈവരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) '2000-ാമാണ്ടോടുകൂടി 'എല്ലാവർക്കും കുടിവെള്ളം' എന്ന ലക്ഷ്യം കൈവരിക്കുന്നതിനുവേണ്ടി ഈ വർഷം 257.69 കോടി രൂപയുടെ പദ്ധതികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്.

11 (*101) ആരോഗ്യ-ശുചിത്വ മിഷൻ

ശ്രീ. പി. നാരായണൻ :
ശ്രീ. സത്യൻ മൊകേരി :

---

† അനുബന്ധം I (1,2)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. യു.എസ്. ശശി :

ശ്രീ. ജോസ് ബേബി :

ശ്രീ. എൻ. അനിരുദ്ധൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആരോഗ്യ-ശുചിത്വ മിഷൻ രൂപീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ സംസ്ഥാനത്തെ സമ്പൂർണ്ണ ശുചിത്വ സംസ്ഥാനമാക്കി മാറ്റുന്നതിനുള്ള എന്തെല്ലാം പ്രവർത്തനങ്ങൾ ഈ മിഷന്റെ കീഴിൽ നടന്നുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഈ പ്രവർത്തനങ്ങൾക്ക് എവിടെ നിന്നെല്ലാം എന്തുമാത്രം സഹായം ഉറപ്പാക്കിയിട്ടുണ്ടെന്നു വെളിപ്പെടുത്തുമോ?

ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) :

(എ)&(ബി) ഉണ്ട്. സംസ്ഥാനത്ത് സമ്പൂർണ്ണ ശുചിത്വവും ആരോഗ്യവും കൈവരിക്കുന്നതിനു മൂന്നു ഘട്ടങ്ങളുടെ പ്രവർത്തന പരിപാടിയാണു മിഷൻ വിഭാവനം ചെയ്യുന്നത്. ഒന്നാം ഘട്ടത്തിൽ 20-30 ഗ്രാമപഞ്ചായത്തുകളെ തെരഞ്ഞെടുത്ത് പ്രസ്തുത പഞ്ചായത്തുകൾക്കു സമഗ്ര ശുചിത്വ ആരോഗ്യ പദ്ധതി തയ്യാറാക്കാനുള്ള സാങ്കേതികസഹായം നൽകികൊണ്ട് ആസൂത്രണ നിർവഹണ മാതൃകകൾ സൃഷ്ടിക്കുന്നതിനും രണ്ടാംഘട്ടത്തിൽ ഈ പ്രവർത്തനം 150-200 ഗ്രാമപഞ്ചായത്തുകളിലേക്കു വ്യാപിപ്പിക്കുന്നതിനും 3-ാം ഘട്ടത്തിൽ സംസ്ഥാന വ്യാപകമായി കൃാമ്പയിൻ സംഘടിപ്പിക്കുന്നതിനും ഉദ്ദേശിക്കുന്നു.

(സി) പഞ്ചായത്തുകൾക്കു ലഭ്യമാക്കുന്ന സംസ്ഥാന പ്ലാൻ ഫണ്ടിൽനിന്ന് പഞ്ചായത്തുകൾ തീരുമാനിക്കുന്ന തുകയും കേന്ദ്രാവിഷ്കൃത പദ്ധതിയായ ഗ്രാമ-ശുചിത്വ പരിപാടിയുടെ കേന്ദ്ര -സംസ്ഥാന സർക്കാർ ഫണ്ടുകളും സമ്പൂർണ്ണ ശുചിത്വാരോഗ്യ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കാം. ഈ മേഖലയിൽ അടുത്ത മൂന്നു വർഷത്തിനകം 2500 കോടി രൂപയുടെ നിക്ഷേപം വേണ്ടിവരും. ഇതിന്റെ 50% തുക ഗുണഭോക്തൃവിഹിതമായിരിക്കും. ഇതിനുപുറമേ ഗ്രാമവികസന വകുപ്പ് നെതർലാന്റ് ഗവണ്മെന്റിൽ നിന്നും 1.44 കോടി രൂപ കോട്ടയം ജില്ലയിൽ നടപ്പാക്കിവരുന്ന നിർമ്മൽ 2000 എന്ന ശുചിത്വ പരിപാടിക്കു ലഭ്യമാക്കുന്നതിനു ധാരണാപത്രത്തിൽ ഒപ്പു വച്ചിട്ടുണ്ട്. ഇതിന്റെ ആദ്യഗഡുവായി 25 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്. 185 ലക്ഷം രൂപ കേന്ദ്ര സംസ്ഥാന വിഹിതമായും ഈ പദ്ധതിക്ക് നൽകിയിട്ടുണ്ട്.

12 (*102) ട്രോളിംഗ് നിരോധനം

ശ്രീ. എ. അലിഹസ്സൻ :

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :

ശ്രീ. എം.വി. ജയരാജൻ :

ശ്രീമതി എൻ.കെ. രാധ :

ശ്രീ. സി.പി. ബാലൻ വൈദ്യർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly